ഉത്തരം

(എ) ചോദ്യം കൊഴൽമന്ദം-മങ്കര റോഡിനെപ്പറ്റിയാണെന്ന് അനുമാനിക്കുന്നു. ഈ റോഡ് അഭിവൃദ്ധിപ്പെടുത്താനുള്ള യാതൊരു നിർദ്ദേശവും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി, സി, ഡി) ചോദ്യം 'എ' വിഭാഗത്തിനു നൽകിയ മറുപടിയുടെ വെളിച്ചത്തിൽ പ്രസക്തമല്ല.

എ. പി. കുട്ടൻ നായരുടെ പെൻഷൻ ആനുകൂല്യങ്ങൾ

1199 [1912] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ബി. ആൻറ് ആർ. ഡിവിഷന്റെ കീഴിൽ എൻ. എം. ആർ. തെഴിലാളിയായിരുന്നു പെൻഷൻ പറ്റിപ്പിരിഞ്ഞ ശ്രീ. എ. പി. കുട്ടൻ നായരുടെ പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ പൂർണ്ണമായും നൽകിയോ;

(ബി) നൽകിയെങ്കിൽ എന്നാണ് ഇതിനുള്ള ഉത്തരവുണ്ടായത്;

(സി) നൽകിയില്ലെങ്കിൽ എന്തു കാരണത്താലാണെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ശ്രീ. കുട്ടൻ നായർക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുന്നതിനുവേണ്ടി രേഖകൾ മേൽനടപടികൾക്കായി അക്കൗണ്ടന്റ് ജനറലിന് അയച്ചിരിക്കുകയാണ്.

ടാർ

1200 [1913] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനാവശ്യമായ ''ബിറ്റുമൻ'' (ടാർ) ഏതൊക്കെ കമ്പനികളാണ് സപ്ലൈ ചെയ്യുന്നത്;

(ബി) ഏതൊക്കെ കമ്പനികൾ എത്ര വീതം;

(സി) സംസ്ഥാനത്തിന്റെ വാർഷികാവശ്യം എത്രയാണ്?

ഉത്തരം

(എ) (1) ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ.

(2) ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ.

(ബി) ഓരോ കമ്പനിക്കും എത്രവീതം സപ്ലൈ ചെയ്യണമെന്ന് പ്രത്യേക നിബന്ധനയൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly